**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2136** **16-03-2022 - ൽ മറുപടിയ്ക്ക്**

**അർബുദ ചികിത്സയ്ക്കു മാതൃകാ കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | null<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എല്ലാ ജില്ലാ ആശുപത്രികളേയും അർബുദ ചികിത്സയ്ക്കുള്ള മാതൃകാ കേന്ദ്രങ്ങളാക്കി സജ്ജമാക്കാൻ തീരുമാനിച്ചതിൻപ്രകാരം പാലക്കാട് ജില്ലാ ആശുപത്രിയിൽ ഇത് സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ച് വരുന്നു; വിശദമാക്കാമോ; ആയതുപ്രകാരം പാലക്കാട് ജില്ലാ ആശുപത്രിയിൽ വനിതകൾക്കായി എത്ര തുക ചെലവഴിച്ചു;വിശദമാക്കാമോ; | (എ) | പാലക്കാട് ജില്ലാ ആശുപത്രിയിൽ കാൻസർ വിഭാഗത്തിൽ രണ്ട് സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം നിലവിൽ ഉണ്ട്. കാൻസർ ഒ.പി, ഐ.പി, ഡെ കെയർ, കീമോതെറാപ്പി വാർഡ് എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. നിലവിൽ ഒരു മാസം 400 പേർക്ക് കീമോതെറാപ്പി നൽകുന്നുണ്ട്. കാൻസർ സ്ക്രീനിംഗ് നടത്തുന്നുണ്ട്. എൻ.എച്ച്.എം.ഫണ്ട്- ചെലവായ തുക 10,00,000/- രൂപ (പത്ത് ലക്ഷം രൂപ മാത്രം), പ്ലാൻ ഫണ്ട്- ചെലവായ തുക 2,00,000/-രൂപ (രണ്ട് ലക്ഷം രൂപ മാത്രം) വനിതകൾക്കായി പ്രത്യേക ഫണ്ട് വകയിരുത്തിയിട്ടില്ല. |
| (ബി) | 2021-22 കാലയളവിൽ പാലക്കാട് ജില്ലയിലുള്ള ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷൻ സ്ഥാപനത്തെ ശക്തിപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കാമോ? | (ബി) | വാർഷിക പദ്ധതി 2021-2022 പി.എം.ആർ യൂണിറ്റുകളുടെ ശാക്തീകരണവുമായി ബന്ധപ്പെട്ട് (G.O(Rt) No. 210/2022/H&FWD Dated 25/01/2022) പ്രകാരം പാലക്കാട് ജില്ലാ ആശുപത്രിക്ക് കെ.എം.എസ്.സി.എൽ മുഖേന ഉപകരണങ്ങൾ വാങ്ങുന്നതിലേയ്ക്കായി തുക അനുവദിച്ചിട്ടുണ്ട്. അവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. Muscle Stimulator – Rs. 10,000/- Wax Batch – Rs.10,000/- Static Cycle – Rs. 10,000/- Soft Cervical Collar (5 Nos) – Rs.2500/- Wrist Hand Orthosis (2 Nos) – Rs. 2,000/- Total – Rs. 34,500/- ടി തുക കെ.എം.എസ്.സി.എൽ ന്റെ ഡെപ്പോസിറ്റ് ഹെഡിൽ നിക്ഷേപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ